©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, ബുധൻ<br>Thiruvananthapuram, Wednesday | 2016 ഡിസംബർ 28<br>28th December 2016<br>1192 ധനു 13<br>13th Dhanu 1192<br>1938 പൌഷം 7<br>7th Pousha 1938 | നമ്പർ<br>No. 2268 |

## കേരള സർക്കാർ

സാംസ്കാരികകാര്യ (സി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈയെഴുത്ത്) നമ്പർ 24/2016/സാം.കാ.വ.

തിരുവനന്തപുരം, 2016 ഡിസംബർ 9
1192 വൃശ്ചികം 24.

**എസ്. ആർ. ഒ. നമ്പർ 792/2016.**—2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2013 ജനുവരി 8-ാം തീയതിയിലെ സ. ഉ. (കൈയെഴുത്ത്) നമ്പർ 1/2013/സാം.കാ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 246/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി ഭേദഗതി ചെയ്യുന്നതിനായി സർക്കാർ താഴെ പറയുന്ന പദ്ധതി ഇതിനായി ഉണ്ടാക്കുന്നു, അതായത്;—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.
33/4285/2016/S-8.

പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2016-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഈ പദ്ധതി ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിൽ,—

(1) 2-ാം ഖണ്ഡികയിൽ, (1)-ാം ഉപഖണ്ഡികയിൽ,—

(i) (എ) ഇനത്തിൽ, "സംസ്കാരിക" എന്ന വാക്കിനുപകരം "സാംസ്കാരിക" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

(ii) (ഡി) ഇനത്തിൽ, പരാമർശിക്കപ്പെട്ടിട്ടുള്ള "സംസ്കാരിക" എന്ന വാക്കിനുപകരം "സാംസ്കാരിക" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iii) (എഫ്) ഇനത്തിൽ, "ചീഫ് എക്സിക്യൂട്ടീവ് അതോറിറ്റി" എന്ന വാക്കുകൾക്കുപകരം "ചീഫ് എക്സിക്യൂട്ടീവ് അധികാരി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(iv) (ജി) ഇനത്തിനുപകരം താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്:

"(ജി) 'സൂപ്പറാന്വേഷൻ' എന്നാൽ "ഒരു സാംസ്കാരിക പ്രവർത്തകന് 60 വയസ്സ് പൂർത്തിയാകുക" എന്നർത്ഥമാകുന്നു".

(2) 3-ാം ഖണ്ഡികയിൽ,—

(i) (2)-ാം ഉപഖണ്ഡികയിൽ ഒന്നാമത്തെ വാക്യത്തിനുപകരം താഴെ പറയുന്ന വാക്യം ചേർക്കേണ്ടതാണ് :

"ആക്ടിലെ 7-ാം വകുപ്പ് പ്രകാരം നിധിയിൽ അംഗമാകാൻ അർഹതയുള്ള ഓരോ സാംസ്കാരിക പ്രവർത്തകനും അംഗത്വത്തിനുവേണ്ടി 1-ാം നമ്പർ ഫാറത്തിൽ ക്ഷേമനിധി സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്."

(ii) (2)-ാം ഉപഖണ്ഡികയ്ക്ക് കീഴിലുള്ള ക്ലിപ്ത നിബന്ധനയിൽ വരുന്ന 'ക്ലിപ്തം നിബന്ധനപ്രകാരം' എന്ന വാക്കുകൾക്കുപകരം "ക്ലിപ്ത നിബന്ധനപ്രകാരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iii) 6-ാം ഉപഖണ്ഡികയിൽ '(2)-ാം ഉപഖണ്ഡിക' എന്ന ചിഹ്നങ്ങൾക്കും അക്കത്തിനും വാക്കിനും പകരം "(1)-ാം ഉപഖണ്ഡിക" എന്ന ചിഹ്നങ്ങളും അക്കവും വാക്കും ചേർക്കേണ്ടതാണ്.

(3) 6-ാം ഖണ്ഡികയുടെ തലക്കെട്ട് 'അംഗത്വ രജിസ്റ്റർ' എന്നതിനു പകരം "അംഗത്വ രജിസ്റ്ററും തിരിച്ചറിയൽ കാർഡും" എന്ന് ചേർക്കേണ്ടതാണ്.



(4) 7-ാം ഖണ്ഡികയ്ക്കുപകരം താഴെ പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"7. അംശദായം നൽകലും മറ്റ് നിബന്ധനകളും.— ചട്ടങ്ങളിലെ 3-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരം ഓരോ അംഗവും അംശദായം നൽകേണ്ടതും ഓരോ അംഗവും അംശദായം അടച്ച വിശദവിവരങ്ങൾ 4-ാം നമ്പർ ഫാറത്തിലുള്ള വ്യക്തിഗത അംശദായ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. മാത്രമല്ല വിവരം 4എ നമ്പർ ഫാറത്തിലുള്ള അംശദായ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്".

(5) 11-ാം ഖണ്ഡികയിൽ ഒന്നാമത്തെ വാക്യത്തിലുള്ള 'ഒരംഗത്വത്തിന്റെ' എന്ന വാക്കിനുപകരം "ഒരംഗത്തിന്റെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(6) 12-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ, 'അടുത്ത വർഷം നവംബർ 30-ാം തീയതിക്കുമുമ്പായി' എന്ന വാക്കുകൾക്കും അക്കത്തിനും, ചിഹ്നത്തിനും പകരം "ഓരോ വർഷവും സെപ്റ്റംബർ 30-ാം തീയതിക്കുമുമ്പായി" എന്ന വാക്കുകളും അക്കവും ചിഹ്നവും ഉൾപ്പെടുത്തേണ്ടതാണ്.

(7) 13-ാം ഖണ്ഡികയിലെ (2)-ാം ഉപഖണ്ഡികയിൽ "സസ്പെൻസ് അക്കൗണ്ട്" എന്ന പദങ്ങൾക്കുപകരം " 'സസ്പെൻസ് അക്കൗണ്ട്' " എന്ന പദങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(8) 14-ാം ഖണ്ഡികയിൽ,—

(i) (1)-ാം ഉപഖണ്ഡികയിൽ 'സൂപ്പർ ആന്വേഷൻ' എന്ന വാക്കുകൾക്കു പകരം "സൂപ്പറാന്വേഷൻ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപഖണ്ഡികയിൽ '10' എന്ന അക്കത്തിനുപകരം '5' എന്ന അക്കം ചേർക്കേണ്ടതാണ്.

(iii) (2)-ാം ഉപഖണ്ഡികയിൽ, ഒന്നാം ഖണ്ഡികയ്ക്കും കുറിപ്പിനും ഇടയിലായി താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ അഞ്ചുവർഷത്തിൽ താഴെ അംശദായം അടച്ചശേഷം സ്ഥിരമായ ശാരീരിക അവശത തെളിയിച്ചിട്ടുള്ള അംഗത്തിന്റെ അടച്ച അംശദായം തിരികെ നൽകേണ്ടതാണ്".

(9) 15-ാം ഖണ്ഡികയിൽ,—

(i) (2)-ാം ഉപഖണ്ഡികയ്ക്കുപകരം താഴെ പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്: —

"(2) മരണപ്പെട്ട അംഗത്തിന്റെ കുടുംബത്തിൽ ആക്ടിലെ 2-ാം വകുപ്പ് (ജി) ഉപവകുപ്പിലെ മുൻഗണനാക്രമത്തിൽ നിയമപ്രകാരമുള്ള പിന്തുടർച്ചാവകാശിക്ക് പെൻഷന് അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്."

(ii) (3)-ാം ഉപഖണ്ഡികയിൽ ഒന്നാമത്തെ വാക്യത്തിൽ "വില്ലേജാഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്" എന്ന വാക്കുകൾക്കുശേഷം, "അപേക്ഷകന്റെ ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്" എന്ന വാക്കുകൾകൂടി ചേർക്കേണ്ടതാണ്.

(10) 16-ാം ഖണ്ഡികയിൽ,—

(i) നിലവിലുള്ള ഖണ്ഡികയ്ക്ക് (1)-ാം ഉപഖണ്ഡികയായി അക്കം നൽകേണ്ടതാണ്;

(ii) അപ്രകാരം അക്കമിടപ്പെട്ട (1)-ാം ഉപഖണ്ഡികയിൽ 'സൂപ്പർ ആന്വേഷൻ' എന്ന വാക്കുകൾക്കുപകരം "സൂപ്പറാന്വേഷൻ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) അക്കമിടപ്പെട്ട ഒന്നാം ഉപഖണ്ഡികയിൽ രണ്ടാമത്തെ വാക്യമായി താഴെ പറയുന്ന വാക്യം ചേർക്കേണ്ടതാണ്, അതായത്:—

"കുടുംബ പെൻഷനു വേണ്ടിയുള്ള അപേക്ഷ അംഗത്തിന്റെ മരണ തീയതി മുതൽ 6 മാസത്തിനകം സമർപ്പിക്കേണ്ടതാണ്." ;

(iv) രണ്ടാം ഉപഖണ്ഡികയായി താഴെ പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്:

"(2) അപേക്ഷ ലഭിച്ചാൽ അപേക്ഷയുടെ നിജസ്ഥിതിയും നിയമപരമായ അർഹതയും പരിശോധിച്ചും ആവശ്യമെന്നു തോന്നുന്ന അന്വേഷണം നടത്തിയും അർഹതയില്ലെങ്കിൽ അപേക്ഷ നിരസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഉത്തരവിന്റെ പകർപ്പ് അപേക്ഷകന് അയച്ചു കൊടുക്കേണ്ടതുമാണ്."

(11) 17-ാം ഖണ്ഡികയിലെ (2)-ാം ഉപഖണ്ഡികയിൽ ഒന്നാമത്തെ വാക്യത്തിനുപകരം താഴെ പറയുന്ന വാക്യം ചേർക്കേണ്ടതാണ് :

"ഈ ആനുകൂല്യത്തിന് അപേക്ഷിക്കുന്ന അംഗം, ഒരു നിശ്ചിത ദിവസം തന്റെ അഥവാ മകളുടെ വിവാഹം നടക്കുന്നു എന്ന് തെളിയിക്കുവാനായി സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി/പ്രസിഡന്റ്/ ചെയർമാൻ/മേയർ/എം. എൽ. എ./എം. പി./ഗസറ്റഡ് ആഫീസർ അല്ലെങ്കിൽ വിവാഹം സാക്ഷ്യപ്പെടുത്തുന്നതിന് അധികാരമുള്ള സ്ഥാപനം അഥവാ സംഘടന എന്നിവരിൽ ആരെങ്കിലും നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്."



(12) 18-ാം ഖണ്ഡികയുടെ തലക്കെട്ടിൽ "കുടുംബാംഗങ്ങളുടെ" എന്ന ചിഹ്നവും വാക്കും ഒഴിവാക്കേണ്ടതാണ്.

(13) 19-ാം ഖണ്ഡികയിൽ,—

(i) (1)-ാം ഉപഖണ്ഡികയിലെ അവസാന വാക്യത്തിൽ 'ഇരുപത്തി അയ്യായിരം' എന്ന വാക്കുകൾക്കുപകരം "ഇരുപത്തിഅയ്യായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) 2-ാം ഉപഖണ്ഡികയ്ക്കുശേഷം, താഴെ പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3) നിധിയിൽ നിന്നും ചികിത്സാ ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സർക്കാർ ഡോക്ടർ അഥവാ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ നൽകിയ ചികിത്സ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ചികിത്സാ ചെലവ് കാണിക്കുന്ന ബില്ലുകൾ, ചികിത്സ തേടിയത് അംഗത്തിന്റെ കുടുംബാംഗമാണെങ്കിൽ ബന്ധം തെളിയിക്കുന്നതിന് റവന്യൂ അധികാരികൾ നൽകിയ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

(4) ചികിത്സാ സഹായത്തിനുള്ള അപേക്ഷ, ചികിത്സ കഴിഞ്ഞ് അറുപത് ദിവസത്തിനകം സമർപ്പിച്ചിരിക്കേണ്ടതാണ്."

(14) നിലവിലുള്ള 23 മുതൽ 29 വരെ ഖണ്ഡികകൾ 24 മുതൽ 30 വരെ ഖണ്ഡികകളായി പുനരക്കം ചെയ്തശേഷം, 23-ാം ഖണ്ഡികയായി താഴെ പറയുന്ന ഖണ്ഡിക ഉൾപ്പെടുത്തേണ്ടതാണ്, അതായത്:—

"23. <u>സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം.</u>—സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അംഗങ്ങൾക്ക് നിധിയിൽ നിന്നും വായ്പകളോ മുൻകൂറുകളോ മെയിന്റനൻസ് ഫണ്ടോ നൽകാവുന്നതാണ്".

(15) പുനരക്കം ചെയ്യപ്പെട്ട 25-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെ പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്: —

"(1) 17-ാം ഖണ്ഡികപ്രകാരമുള്ള വിവാഹാനുകൂല്യത്തിനായുള്ള അപേക്ഷ 8-ാം നമ്പർ ഫാറത്തിലും, 19-ാം ഖണ്ഡികപ്രകാരമുള്ള ചികിത്സാ സഹായത്തിനായുള്ള അപേക്ഷ 9-ാം നമ്പർ ഫാറത്തിലും, 21-ാം ഖണ്ഡിക പ്രകാരമുള്ള മരണാനന്തര സഹായത്തിനുള്ള അപേക്ഷ 10-ാം നമ്പർ ഫാറത്തിലും, 22-ാം ഖണ്ഡിക പ്രകാരമുള്ള പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ 11-ാം നമ്പർ ഫാറത്തിലും, 20-ാം ഖണ്ഡിക പ്രകാരമുള്ള വിദ്യാഭ്യാസ വായ്പയ്ക്കുള്ള അപേക്ഷ 12-ാം നമ്പർ ഫാറത്തിലും സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. പ്രത്യേക ഫാറം നിർദ്ദേശിച്ചിട്ടില്ലാത്ത സംഗതിയിൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷയിൽ ബോർഡ് ആവശ്യപ്പെടുന്ന അത്യാവശ്യ വിവരങ്ങൾ നൽകേണ്ടതാണ്. കൂടാതെ, ടി ആനുകൂല്യ അപേക്ഷകൾ ടി ചെലവുകൾ ഉണ്ടായ തീയതി മുതൽ ആറുമാസത്തിനകം ക്ഷേമനിധി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്."

(16) പുനരക്കം ചെയ്യപ്പെട്ട 27-ാം ഖണ്ഡികയിൽ, —

(i) (1)-ാം ഉപഖണ്ഡികയിലെ അവസാന വാക്യത്തിലെ 'അനുമതിക്കായി' എന്ന വാക്കിനുപകരം " അംഗീകാരത്തിനായി " എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (4)-ാം ഖണ്ഡികയിലെ (ii)-ാം ഇനത്തിലെ 'അനുമതിക്കായി' എന്ന വാക്കിനു പകരം " വിനിയോഗിക്കാൻ പാടുള്ളൂ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(17) പുനരക്കം ചെയ്യപ്പെട്ട 29-ാം ഖണ്ഡികയിലെ ഉൾക്കുറിപ്പുകൾക്കു പകരം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്,—

" റിക്കാർഡുകളുടെ പകർപ്പ് നൽകുന്നതിലേക്കായി പേജൊന്നിന് രണ്ടു രൂപ നിരക്കിൽ ഫീസ് സഹിതം രേഖാമൂലം ഒരു അംഗം അപേക്ഷിക്കുന്നപക്ഷം റിക്കാർഡുകളുടെയും വാർഷിക റിപ്പോർട്ടിന്റെയും പകർപ്പ് സെക്രട്ടറി നൽകേണ്ടതാണ്".

(18) 1 മുതൽ 7 വരെയുള്ള ഫാറങ്ങൾക്കുപകരം താഴെ കാണുന്ന 1 മുതൽ 12 വരെയുള്ള ഫാറങ്ങൾ ചേർക്കേണ്ടതാണ്, അതായത് : —



# "കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

ഫാറം 1

[ഖണ്ഡിക 3 (2) കാണുക]

ഫോട്ടോ

## അംഗത്വത്തിനും നാമനിർദ്ദേശത്തിനുമുള്ള അപേക്ഷ

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേര് :
2. സാംസ്കാരിക രംഗത്ത് ഉപയോഗിക്കുന്ന പേര് :
3. ജനന തീയതിയും പൂർത്തിയായ വയസ്സും (രേഖകൾ ഹാജരാക്കിയിരിക്കണം) :
4. അച്ഛന്റെ/ഭർത്താവിന്റെ പേര് :
5. കേരളത്തിലെ സ്ഥിരം മേൽവിലാസം (വീട്ടുപേര്, തപാലാഫീസ്, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ്, ടെലിഫോൺ നമ്പർ ഉൾപ്പെടെ) :
6. കത്തിടപാട് നടത്തുന്നതിനുള്ള പൂർണ്ണ മേൽവിലാസം :
7. അപേക്ഷകന്റെ വൈവാഹിക പദവി : വിവാഹിതൻ/അവിവാഹിതൻ
8. ബാങ്ക് അക്കൗണ്ട് വിവരം
   ബാങ്ക് പേര് :
   ബ്രാഞ്ച് :
   അക്കൗണ്ട് നമ്പർ :
9. (എ) അപേക്ഷകന്റെ സാംസ്കാരിക പ്രവർത്തന മേഖല/മേഖലകൾ (രേഖകൾ ഹാജരാക്കിയിരിക്കണം) :
   (ബി) അപേക്ഷകൻ എത്രകാലമായി പ്രവർത്തിക്കുന്നു :
10. ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ :
11. നിലവിൽ ഏതെങ്കിലും ക്ഷേമനിധിയിൽ അംഗമാണോ ആണെങ്കിൽ, ക്ഷേമനിധിയുടെ പേരും അംഗത്വ നമ്പരും, ജില്ലയും അംഗത്വനമ്പർ പ്രാബല്യത്തിൽ വന്ന തീയതി, അംശദായം ഏതു തീയതിവരെ അടച്ചു, കൈപ്പറ്റിയ/കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ :
12. ഒന്നിലധികം സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നുവെങ്കിൽ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം ക്ലിപ്ത നിബന്ധനപ്രകാരം തിരഞ്ഞെടുക്കുന്ന അക്കാഡമി/ട്രേഡ് ബോഡി/നികായം/സമാജം :

13. കുടുംബാംഗങ്ങളുടെ വിശദവിവരങ്ങൾ:

| പേര് | ബന്ധം | വയസ്സ് |
|---|---|---|
| | | |

## അപേക്ഷകന്റെ നാമനിർദ്ദേശം/പുനഃനാമനിർദ്ദേശം

എന്റെ മരണശേഷം ക്ഷേമനിധിയിൽ നിന്നും എന്റെ പേരിൽ അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റുന്നതിന് ഞാൻ താഴെപ്പറയുന്നവരെ നാമനിർദ്ദേശം ചെയ്യുന്നു :

| ക്രമ നമ്പർ | നോമിനിയുടെ/ നോമിനികളുടെ പേരും വിലാസവും | വയസ്സ് | അപേക്ഷകനു മായുള്ള ബന്ധം | നൽകേണ്ട തുകയുടെ അനുപാതത്തിന്റെ വിഹിതം | മൈനർ ആണെങ്കിൽ രക്ഷിതാവിന്റെ പേരും ബന്ധവും |
|---|---|---|---|---|---|
| | | | | | |

14. അംശദായം കാറ്റഗറി :

15. ആദ്യ അംശദായം അടച്ചതിന്റെ വിശദാംശങ്ങൾ

(എ) ബാങ്കിന്റെ പേര് :

(ബി) ഡിമാന്റ് ഡ്രാഫ്റ്റ്/ചെക്ക് നമ്പർ :



## സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ മുഴുവൻ സത്യവും എന്റെ ഉത്തമവിശ്വാസത്തോടു കൂടിയതുമാണെന്നും, അംഗത്വത്തിന് അപേക്ഷ സമർപ്പിച്ചതിനുശേഷം കാലാകാലങ്ങളിൽ ഉണ്ടാകുന്ന കൂട്ടിച്ചേർക്കേണ്ട വിവരങ്ങൾ യഥാസമയം ക്ഷേമനിധി ഓഫീസിൽ അറിയിക്കുന്നതാണെന്നും ഞാൻ നൽകിയ ഏതെങ്കിലും വിവരങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ അംഗത്വം നിഷേധിക്കാവുന്നതുമാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ് :
തീയതി :

പേര് :

## സാക്ഷ്യപത്രം

അപേക്ഷകൻ.......................................................................................മേഖലയിൽ പ്രവർത്തിക്കുന്ന ആളാണെന്നും മേൽപ്പറഞ്ഞ വസ്തുതകൾ പൂർണ്ണമായും ശരിയാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ശുപാർശ ചെയ്യുന്ന സ്ഥാപനത്തിലെ
സ്ഥലം : മേലധികാരിയുടെ ഒപ്പും പേരും
തീയതി : (സീൽ സഹിതം)

*ഹാജരാക്കേണ്ട രേഖകൾ :*

1. അംഗത്വ ഫീസ് സെക്രട്ടറി, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് (50 രൂപ)

---

### ഓഫീസ് ഉപയോഗത്തിന്

രേഖകൾ പരിശോധിച്ചതിലും അന്വേഷിച്ചതിലും അപേക്ഷകൻ ഒരു സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തിയാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. അപേക്ഷ സ്വീകരിച്ചു.

(1) അടച്ച രജിസ്ട്രേഷൻ ഫീസ് :

(2) ഫീസ് അടച്ചതിന്റെ വിശദാംശങ്ങൾ :

(3) അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി :

(4) അംഗത്വ നമ്പർ :

താഴെപ്പറയുന്ന കാരണങ്ങളാൽ അംഗത്വത്തിനുള്ള അപേക്ഷ നിരസിച്ചു.

സ്ഥലം :
തീയതി : *സെക്രട്ടറി*

33/4285/2016/DTP.

## കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

ഫാറം 2

[ഖണ്ഡിക 6 (1) കാണുക]

### അംഗത്വ രജിസ്റ്റർ

| ക്രമനമ്പർ | അംഗത്തിന്റെ പേരും മേൽവിലാസവും | അപേക്ഷ ലഭിച്ച തീയതി | അംഗത്വത്തിന് അർഹത നേടിയ തീയതി | അംഗത്വം നൽകിയ തീയതി | അംഗത്വ നമ്പർ | ജനന തീയതി | നോമിനിയുടെ പേര് | അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ | അംഗത്വം റദ്ദാക്കിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ നമ്പരും തീയതിയും | അംഗത്വം പുനഃസ്ഥാപിച്ചിട്ടുണ്ടെങ്കിൽ അതിന്റെ തീയതി | സെക്രട്ടറിയുടെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | | | | | | | | | | | |



## കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

ഫാറം 3

[ഖണ്ഡിക 6 (2) കാണുക]

### തിരിച്ചറിയൽ കാർഡ്

1. അംഗത്തിന്റെ പേര് :
2. മേൽവിലാസം :
3. ജനന തീയതി/വയസ്സ് :
4. സാംസ്കാരിക പ്രവർത്തന മേഖല :
5. അംഗത്വ നമ്പർ :
6. അംഗത്വം നൽകിയ തീയതി :

ഫോട്ടോ

തീയതി (ഓഫീസ് സീൽ) സെക്രട്ടറി

## കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

ഫാറം 4

(ഖണ്ഡിക 7 കാണുക)

### വ്യക്തിഗത അംശദായ രജിസ്റ്റർ

അംഗത്വ നമ്പർ :

അംഗത്തിന്റെ പേരും മേൽവിലാസവും :

അംഗത്വം പ്രാബല്യത്തിൽവന്ന തീയതി :

ശുപാർശ നൽകിയ അക്കാഡമി/ട്രേഡ് ബോഡി :

നികായം/സമാജത്തിന്റെ പേരും മേൽവിലാസവും :

| അംശദായ കാലം മാസവും വർഷവും | അംശദായ തുക | പിഴയോ മറ്റോ ഉണ്ടെങ്കിൽ അത് | അടച്ച തീയതി | അടച്ച രീതി (ചെക്ക്, ഡി. ഡി., ക്യാഷ്, ഇ-പേയ്മെന്റ്) | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|
| | | | | | |



## കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

ഫാറം 4 എ

(ഖണ്ഡിക 7 കാണുക)

### അംശദായ രജിസ്റ്റർ

| ക്രമനമ്പർ | തീയതി | അംഗത്തിന്റെ പേരും അംഗത്വ നമ്പരും | അടച്ച അംശദായ തുക | അംശദായം അകെ കാലയളവ് | ആകെ | അടച്ച രീതി (ചെക്ക്/ഡി. ഡി./ ക്യാഷ്/ഇ-പേയ്മെന്റ്) | ചെക്ക്/ഡി. ഡി. രസീത് നമ്പർ | ബാങ്കിൽ നിക്ഷേപിച്ച തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | | | | | | | | | |

## കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

ഫാറം 6

[ഖണ്ഡിക 14 (2), 16 കാണുക]

### അവശതാ പെൻഷനുള്ള അപേക്ഷ

1. അംഗത്തിന്റെ പേരും അംഗത്വ നമ്പരും മേൽവിലാസവും :
2. സാംസ്കാരിക പ്രവർത്തന മേഖല :
3. ജനന തീയതിയും പൂർത്തിയായ വയസ്സും :
4. അച്ഛന്റെ/ഭർത്താവിന്റെ പേര് :
5. ക്ഷേമനിധിയിൽ ആദ്യമായി അംശദായം അടച്ച തീയതി :
6. അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തി അംഗത്വം നഷ്ടപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ പുനഃസ്ഥാപിച്ചു കിട്ടിയ തീയതി :
7. ക്ഷേമനിധിയിൽ അവസാനമായി അംശദായം അടച്ച തീയതിയും വിശദാംശങ്ങളും :
8. അവശത സംഭവിച്ച തീയതിയും, അവശതയുടെ സ്വഭാവവും :
9. സർക്കാരിൽ നിന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും ആനുകൂല്യം ലഭിച്ചിട്ടുണ്ടോ ? :
10. ഉണ്ടെങ്കിൽ വിശദാംശങ്ങൾ :
11. ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ? :
12. ഉണ്ടെങ്കിൽ വിശദാംശങ്ങൾ :
13. അർഹതപ്പെട്ട പെൻഷൻ തുക :

### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അംഗത്തിന്റെ ഒപ്പ്/വിരലടയാളം

തീയതി : പേര് :



### ഓഫീസ് ഉപയോഗത്തിന്

അന്വേഷണത്തിൽ അപേക്ഷകന് അവശതാ പെൻഷൻ ആനുകൂല്യത്തിന് അർഹതയുണ്ട് എന്ന് കാണുന്നു. അപേക്ഷ അനുവദിക്കാവുന്നതാണ്.

*ശുപാർശ നൽകുന്ന ആഫീസർ*

അപേക്ഷ അനുവദിച്ചു/നിരസിച്ചു/കാരണം ....................................................................

.................................................................................................................തീയതി

മുതൽ..........................രൂപ പ്രതിമാസ പെൻഷൻ അനുവദിച്ചിരിക്കുന്നു.

താഴെപ്പറയുന്ന കാരണത്താൽ അപേക്ഷ നിരസിച്ചു (കാരണം)............................

..............................................................................................

തീയതി : *സെക്രട്ടറി*

---

*(ബാധകമല്ലാത്തത് വെട്ടിക്കളയുക)*

33/4285/2016/DTP.

## കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

### ഫാറം 7

(ഖണ്ഡിക 15-ഉം 16-ഉം കാണുക)

### കുടുംബ പെൻഷനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേരും മേൽവിലാസവും :
2. അച്ഛന്റെ/ഭർത്താവിന്റെ പേര് :
3. ജനന തീയതിയും, വയസ്സും :
4. അപേക്ഷകന്റെ ജോലി :
5. മരണമടഞ്ഞ അംഗത്തിന്റെ പേര് :
6. അംഗത്വ നമ്പരും, അംഗത്വം പ്രാബല്യത്തിൽ വന്ന തീയതിയും
7. മരണമടഞ്ഞ തീയതി :
8. (i) മരണമടഞ്ഞത് അംഗമായിരിക്കുമ്പോഴോ അഥവാ പെൻഷൻകാരനായിരിക്കുമ്പോഴോ :

   (ii) പെൻഷൻകാരനാണെങ്കിൽ പെൻഷൻ നമ്പരും, പ്രതിമാസ പെൻഷൻ തുകയും :
9. അപേക്ഷന് മരണമടഞ്ഞ ആളുമായുള്ള ബന്ധം :
10. (i) അപേക്ഷകൻ അംഗത്തിന്റെ നോമിനിയാണോ :

    (ii) കുടുംബാംഗങ്ങളുടെ പേരും, വയസ്സും അംഗവുമായുള്ള ബന്ധവും :
11. അപേക്ഷക മകളാണെങ്കിൽ വിവാഹിതയോ, അവിവാഹിതയോ അഥവാ വിധവയോ :
12. ഹാജരാക്കിയ രേഖകൾ

    (i) അംഗത്തിന്റെ/പെൻഷൻകാരന്റെ മരണ സർട്ടിഫിക്കറ്റ് :

    (ii) അംഗവുമായുള്ള ബന്ധം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് :
13. അപേക്ഷകൻ മൈനറാണെങ്കിൽ രക്ഷിതാവിന്റെ പേരും പൂർണ്ണ മേൽവിലാസവും, അപേക്ഷകനുമായുള്ള ബന്ധവും :



### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

*രക്ഷിതാവിന്റെ ഒപ്പ് (മൈനറാണെങ്കിൽ)*

---

### ആഫീസ് ഉപയോഗത്തിന്

അപേക്ഷ ലഭിച്ചത്......................തീയതിയിൽ ആണ്. ..................തീയതി മുതൽ പ്രതിമാസം......................രൂപ കുടുംബ പെൻഷൻ അനുവദിച്ചു.

പെൻഷൻ നമ്പർ:

തീയതി :

താഴെ പറയുന്ന കാരണങ്ങളാൽ അപേക്ഷ നിരസിച്ചു.............................................................................................................................

തീയതി : *സെക്രട്ടറി*

---

*(ബാധകമല്ലാത്തത് വെട്ടിക്കളയുക)*

## കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

ഫാറം 8

[ഖണ്ഡികകൾ 17, 25 (1) കാണുക]

### വിവാഹ ധനസഹായത്തിനുള്ള അപേക്ഷ

1. അംഗത്തിന്റെ പേര് :
2. ജനന തീയതി :
3. പൂർണ്ണമായ മേൽവിലാസം :
   (വീട്ടുപേര്/നമ്പർ, പ്രദേശം, പോസ്റ്റ് ഓഫീസ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ)
4. (1) ക്ഷേമനിധി അംഗത്വ നമ്പർ :
   (2) അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി :
   (3) ക്ഷേമനിധിയിൽ ആദ്യമായി അംശദായമടച്ച തീയതി :
   (4) അവസാനമായി അംശദായമടച്ച തീയതി :
   (5) ആകെ അംശദായമടച്ച കാലഘട്ടം :
5. (1) വിവാഹിതയാകുന്ന പെൺകുട്ടിയുടെ പേര് :
   (2) ജനന തീയതി :
   (3) അംഗവുമായുള്ള ബന്ധം :
   (4) വിവാഹ തീയതി :
   (5) ആദ്യവിവാഹമോ, പുനർവിവാഹമോ :
   (6) വരന്റെ പേരും വിലാസവും വയസ്സും :
6. മുമ്പ് ഇതേ ആനുകൂല്യത്തിനായി അപേക്ഷിച്ചിട്ടുണ്ടോ; ആനുകൂല്യം ലഭിച്ചിട്ടുണ്ടോ :
7. അപേക്ഷയോടൊപ്പം അടക്കം ചെയ്യുന്ന രേഖകൾ



### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :

*അംഗത്തിന്റെ പേരും ഒപ്പും*

തീയതി :

---

### ആഫീസ് ഉപയോഗത്തിന്

അപേക്ഷ ഓഫീസിൽ ലഭിച്ചത്..................................ആണ്. മുമ്പ് ഈ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്/അനുവദിച്ചിട്ടില്ല. വിവാഹ ധനസഹായമായി...................രൂപ അനുവദിച്ചു.

താഴെ പറയുന്ന കാരണത്താൽ അപേക്ഷ നിരസിച്ചു......................................................................................................

തീയതി :

*സെക്രട്ടറി*

---

*(ബാധകമല്ലാത്തത് വെട്ടിക്കളയുക)*

## കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

ഫാറം 9

[ഖണ്ഡികകൾ 19, 25 (1) കാണുക]

### ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ

1. അംഗത്തിന്റെ പേര് :
2. അച്ഛന്റെ/ഭർത്താവിന്റെ പേര് :
3. ജനന തീയതി :
4. പൂർണ്ണമായ മേൽവിലാസം :
   (വീട്ടുപേര്/നമ്പർ, പ്രദേശം, പോസ്റ്റ് ഓഫീസ്,
   താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ)
5. (1) ക്ഷേമനിധി അംഗത്വ നമ്പർ :
   (2) അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി :
   (3) ക്ഷേമനിധിയിൽ ആദ്യമായി :
   അംശദായമടച്ചത് ഏതുമാസം മുതൽ
   (4) ക്ഷേമനിധിയിൽ അവസാനമായി :
   അംശദായമടച്ചത് ഏതുമാസം വരെ
   (5) ആകെ അംശദായമടച്ച കാലയളവ് :
6. സംസ്ഥാന ഗവൺമെന്റിന്റെ സമഗ്ര ആരോഗ്യ :
   ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാണോ
   (1) രോഗിയുടെ പേര് :
   (2) രോഗിക്ക് അംഗവുമായുള്ള ബന്ധം :
   (ബന്ധം തെളിയിക്കുന്ന രേഖ ഹാജരാക്കണം)
   (3) രോഗത്തിന്റെ പേര് :
   (4) ചികിത്സ നടത്തിയ ആശുപത്രിയുടെ :
   പേരും മേൽവിലാസവും
   (5) ചികിത്സ ആരംഭിച്ച തീയതി :
   (6) ചികിത്സ അവസാനിച്ച തീയതി :
   (7) ചെലവായ തുക :
   (ഡോക്ടർ സർട്ടിഫിക്കറ്റും ബില്ലുകളും
   ഹാജരാക്കേണ്ടതാണ്) :



7. (1) മുമ്പ് ഇതേ ആനുകൂല്യത്തിനായി :
   അപേക്ഷിച്ചിട്ടുണ്ടോ;
   ആനുകൂല്യം ലഭിച്ചിട്ടുണ്ടോ
   (2) ഉണ്ടെങ്കിൽ അപേക്ഷയുടെ വിവരങ്ങൾ, :
   അനുവദിച്ച തുക തുടങ്ങിയ
   വിശദവിവരങ്ങൾ നൽകുക
8. അപേക്ഷയോടൊപ്പം അടക്കം ചെയ്യുന്ന രേഖകൾ :
9. അപേക്ഷിക്കുന്ന തുക :

### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : *അംഗത്തിന്റെ പേരും ഒപ്പും*

തീയതി :

---

### ആഫീസ് ഉപയോഗത്തിന്

അപേക്ഷ ഓഫീസിൽ ലഭിച്ചത്..............................ആണ്. ഇതേ ആനുകൂല്യമായി മുമ്പ് .............................. രൂപ അനുവദിച്ചിട്ടുണ്ട്/അനുവദിച്ചിട്ടില്ല. അപേക്ഷകന് .............................. രൂപ ചികിത്സാ സഹായം അനുവദിച്ചു.

താഴെ പറയുന്ന കാരണത്താൽ അപേക്ഷ നിരസിച്ചു ..............................
..............................

തീയതി : *സെക്രട്ടറി*

---

*(ബാധകമല്ലാത്തത് വെട്ടിക്കളയുക)*

## കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

ഫാറം 10

[ഖണ്ഡികകൾ 21, 25 (1) കാണുക]

### മരണാനന്തര സഹായത്തിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേരും പൂർണ്ണ മേൽവിലാസവും :

2. അച്ഛന്റെ/ഭർത്താവിന്റെ പേര് :

3. ജനന തീയതിയും വയസ്സും

4. അപേക്ഷകന്റെ ജോലി :

5. മരണമടഞ്ഞ അംഗത്തിന്റെ പേരും അംഗത്വ നമ്പരും :

6. മരണമടഞ്ഞത് ക്ഷേമനിധി പെൻഷൻ വാങ്ങിവരുമ്പോഴാണോ അല്ലെങ്കിൽ

   (1) അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി :

   (2) ആദ്യമായി അംശദായമടച്ചത് ഏത് മാസത്തേക്ക് :

   (3) അവസാനമായി അംശദായമടച്ചത് ഏത് മാസംവരെ :

   (4) മൊത്തം അംശദായമടച്ച കാലയളവ് :

7. അപേക്ഷകന് മരണമടഞ്ഞ അംഗവുമായുള്ള ബന്ധം :

8. (1) അപേക്ഷകൻ അംഗത്തിന്റെ നോമിനിയാണോ :

   (2) കുടുംബാംഗങ്ങളുടെ പേരും വയസ്സും അംഗവുമായുള്ള ബന്ധവും :

9. ഹാജരാക്കിയ രേഖകൾ :

   (1) അംഗത്തിന്റെ/പെൻഷൻകാരന്റെ മരണ സർട്ടിഫിക്കറ്റ് :

   (2) അംഗവുമായുള്ള ബന്ധം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് :

10. അപേക്ഷകൻ മൈനറാണെങ്കിൽ രക്ഷകർത്താവിന്റെ പേരും പൂർണ്ണമേൽവിലാസവും അപേക്ഷകനുമായുള്ള ബന്ധവും :



### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അംഗത്തിന്റെ/രക്ഷകർത്താവിന്റെ പേരും ഒപ്പും

തീയതി :

---

### ആഫീസ് ഉപയോഗത്തിന്

അപേക്ഷ ഓഫീസിൽ ലഭിച്ചത്..................................ആണ്. അപേക്ഷകന് .............................. രൂപ സഹായം അനുവദിച്ചു.

താഴെ പറയുന്ന കാരണത്താൽ അപേക്ഷ നിരസിച്ചു..........................................................................

തീയതി : സെക്രട്ടറി

---

*(ബാധകമല്ലാത്തത് വെട്ടിക്കളയുക)*

33/4285/2016/DTP.

## കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

### ഫാറം 11

[ഖണ്ഡികകൾ 22, 25 (1) കാണുക ]

### പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ

1. അംഗത്തിന്റെ പേര് :

2. അച്ഛന്റെ/ഭർത്താവിന്റെ പേര് :

3. വയസ്സ് :

4. പൂർണ്ണമായ മേൽവിലാസം (വീട്ടുപേര്/നമ്പർ, പ്രദേശം, പോസ്റ്റ് ഓഫീസ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) :

5. (1) ക്ഷേമനിധി അംഗത്വ നമ്പർ :
   (2) ആദ്യമായി അംശദായമടച്ചത് ഏതുമാസത്തേക്ക് :
   (3) അവസാനമായി അംശദായമടച്ചത് ഏതുമാസംവരെ :
   (4) മൊത്തം അംശദായമടച്ച കാലയളവ് :

6. (1) അപേക്ഷ പ്രസവാനുകൂല്യത്തിനോ/ ഗർഭമലസൽ ആനുകൂല്യത്തിനോ/ വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുന്നതിനോ :
   (2) പ്രസവിച്ച/ഗർഭം അലസൽ/വന്ധ്യംകരണ ശസ്ത്രക്രിയ സംഭവിച്ച തീയതി (സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം) :

7. (1) മുമ്പ് ഇതേ ആനുകൂല്യത്തിനായി അപേക്ഷിച്ചിട്ടുണ്ടോ :
   (2) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകുക :

8. മറ്റേതെങ്കിലും പദ്ധതിപ്രകാരം ഈ ധനസഹായം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുക :

9. അടക്കംചെയ്യുന്ന രേഖകൾ :



### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അംഗത്തിന്റെ/രക്ഷകർത്താവിന്റെ പേരും ഒപ്പും

തീയതി :

---

### ആഫീസ് ഉപയോഗത്തിന്

അപേക്ഷ ഓഫീസിൽ ലഭിച്ചത്..................................ആണ്. മുമ്പ് ഈ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്/അനുവദിച്ചിട്ടില്ല. പ്രസവാനുകൂല്യമായി/ഗർഭം അലസൽ ആനുകൂല്യമായി/ വന്ധ്യംകരണ ശസ്ത്രക്രിയ ആനുകൂല്യമായി........................രൂപ അനുവദിച്ചു.

താഴെ പറയുന്ന കാരണത്താൽ അപേക്ഷ നിരസിച്ചു..................................................................................

..................................................................................

തീയതി : സെക്രട്ടറി

---

*(ബാധകമല്ലാത്തത് വെട്ടിക്കളയുക)*

33/4285/16

## കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

ഫാറം 12

[ഖണ്ഡികകൾ 20, 25 (1) കാണുക]

### വിദ്യാഭ്യാസ വായ്പയ്ക്കുള്ള അപേക്ഷ

1. അംഗത്തിന്റെ പേര് :
2. പൂർണ്ണമായ മേൽവിലാസം :
3. (1) ക്ഷേമനിധി അംഗത്വ നമ്പർ :
   (2) അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി :
   (3) ക്ഷേമനിധിയിൽ ആദ്യമായി അംശദായമടച്ചത് ഏതുമാസം മുതൽ :
   (4) ക്ഷേമനിധിയിൽ അവസാനമായി അംശദായമടച്ചത് ഏതുമാസംവരെ :
   (5) ആകെ അംശദായമടച്ച കാലയളവ് :
4. (1) വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷിക്കുന്ന കുട്ടിയുടെ പേര് :
   (2) അപേക്ഷകനുമായുള്ള ബന്ധം (രേഖകൾ സഹിതം) :
5. (1) പഠിക്കുന്ന കോളേജിന്റെ പേര് :
   (2) കോഴ്സ് വിവരങ്ങൾ :
   (3) ഫീസ് ചെലവ് വിവരങ്ങൾ (കോളേജ് പ്രിൻസിപ്പലിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്) :
6. (1) മുമ്പ് ഇതേ ആനുകൂല്യത്തിന് അപേക്ഷിച്ചിട്ടുണ്ടോ :
   (2) ഉണ്ടെങ്കിൽ അപേക്ഷയുടെ വിവരങ്ങൾ/ അനുവദിച്ച തുക, വായ്പ പൂർണ്ണമായി തിരിച്ചടച്ച തീയതി, തുക വിവരങ്ങൾ :
7. അപേക്ഷയോടൊപ്പം അടക്കംചെയ്യുന്ന രേഖകൾ :
8. അപേക്ഷിക്കുന്ന തുക



### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം : അംഗത്തിന്റെ പേരും ഒപ്പും.

തീയതി :

---

### ആഫീസ് ഉപയോഗത്തിന്

അപേക്ഷ ഓഫീസിൽ ലഭിച്ചത്..................................ആണ്. ഇതേ ആനുകൂല്യമായി മുമ്പ്.....................രൂപ അനുവദിച്ചിട്ടുണ്ട്/അനുവദിച്ചിട്ടില്ല. അപേക്ഷകന് തന്റെ മകന്റെ/ മകളുടെ പഠന ചെലവുകൾക്കായി 6% പലിശനിരക്കിൽ 60 തുല്യഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ .........................രൂപ വായ്പയായി അനുവദിച്ചു.

താഴെ പറയുന്ന കാരണത്താൽ അപേക്ഷ നിരസിച്ചു.................................................................................................................

തീയതി : *സെക്രട്ടറി"*

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

റാണി ജോർജ്ജ്,

*സെക്രട്ടറി,*

*സാംസ്കാരിക വകുപ്പ്.*

---

*(ബാധകമല്ലാത്തത് വെട്ടിക്കളയുക)*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ നമ്പർ 116/2011, 246/2013, 247/2013 എന്നിവ നിയമസഭയുടെ സബോർഡിനേറ്റ് ലജിസ്ലേഷൻ സമിതി (2011-2014) സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 18-ാമത് റിപ്പോർട്ട് തുടർ നടപടികൾക്കായി സർക്കാരിന് നൽകിയിരുന്നു. ഈ റിപ്പോർട്ടിലെ എസ്. ആർ. ഒ. നമ്പർ 246/2013 ആയി വിജ്ഞാപനം ചെയ്ത 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമപദ്ധതിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---